തട്ടിയെടുത്ത് ഏറ്റവും മൃഗീയമായി കൊലപ്പെടുത്തിയ സംഭവം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുകയാണ്. ഡിസംബർ 18-ാം തീയതി ശനിയാഴ്ച രാത്രി ഏഴുമണിയോടെ തൃപ്പൂണിത്തുറ ടാക്സി സ്റ്റാൻഡിൽനിന്നും ടൂറിസ്റ്റ് ടാക്സി കെ.ആർ.ക്യു. 7642-മായി ഡ്രൈർ കുഞ്ഞുമോനെ കാണാതായി. ഡിസംബർ 19-ാം തീയതി രാവിലെ കുഞ്ഞുമോന്റെ മൃതദേഹം ചാക്കിൽകെട്ടിയ നിലയിൽ കോഴിക്കോട് തേഞ്ഞിപ്പാലം യൂണിവേഴ്സിറ്റിക്കു സമീപം കാണപ്പെടുകയുണ്ടായി. കുഞ്ഞുമോനെ കൊന്നതിനുശേഷം കാർ തട്ടിയെടുക്കുകയായിരന്നു. ഇതുവരെ കൊലപാതകികളെ കണ്ടുപടിക്കാനോ ടാക്സി കണ്ടെത്താനോ കഴിഞ്ഞിട്ടില്ല. ഈ കേസ്സ് ഇപ്പോൾ തൃപ്പൂണിത്തുറ പോലീസാണ് അന്വേഷിക്കുന്നത്. അന്വേഷണം എങ്ങും എത്തിയിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് മൂന്നു സംഭവങ്ങൾ ഇതുപോലെ ഉണ്ടായി. ആ സംഭവങ്ങളും തെളിഞ്ഞിട്ടില്ല. മരിച്ച കുഞ്ഞുമോൻ പട്ടികജാതിയിൽപ്പെട്ട ആളാണ്, കിടപ്പാടം പോലുമില്ലാത്ത ആളാണ്. ആകെയുള്ളത് രണ്ടര സെന്റ് സ്ഥലം മാത്രമാണ്. തയ്യൽ ക്ലാസ്സിൽ പോകുന്ന മകളും ജോലിയില്ലാത്ത ഭാര്യയുമാണ് അദ്ദേഹത്തിന് ഉള്ളത്. ഇതുവരെയായി ഒരു വില്ലേജ് ആഫീസർപോലും ആ വീട്ടിൽ പോയി അന്വേഷിക്കുകയോ എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ കേസ്സ് അന്വേഷിക്കുകയും കുറ്റവാളികളെ കണ്ടെത്തുകയും അനാഥമായ കുടുംബത്തെ സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് ശ്രീ. കെ. ബാബുവും ഒരു നോട്ടീസ് തന്നിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) തൃപ്പൂണിത്തുറ കണ്ടന്നൂർ സ്വദേശി സി.ടി. കുഞ്ഞുമോൻ (45 വയസ്സ്) എന്ന ആളിനെ കാണാതായതിനെ സംബന്ധിച്ച് ഡിസംബർ 20-ന് വൈകുന്നേരം 6.30-ന് ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചു. കുഞ്ഞുമോൻ ഓടിച്ചിരുന്ന കെ.ആർ.ഒ. 642-ാം നമ്പർ ടൂറിസ്റ്റ് ടാക്സി ഡിസംബർ 18-ന് തൃപ്പൂണിത്തുറയിൽനിന്നും ആരോ വിളിച്ചുപോയതിനുശേഷമാണ് ടിയാനെ കാണാതായതെന്ന് പരാതിയിൽ പറഞ്ഞിരുന്നു. ഇതു സംബന്ധിച്ച് ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽ ക്രൈം 312/99-ാം നമ്പറായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ ഡിസംബർ 19-ന് മലപ്പുറം തേഞ്ഞിപ്പാലത്ത് ചെട്ടിയാർമാട് എന്ന സ്ഥലത്ത് കാണപ്പെട്ട മൃതദ്ദേഹം കുഞ്ഞുമോന്റേതാണെന്ന് തിരിച്ചറിഞ്ഞു. മരണ സാഹചര്യത്തെക്കുറിച്ചും കാണാതായ കാർ കണ്ടെത്തുന്നതിനും അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ജാതി തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന ആവശ്യം

ശ്രീ. നാലകത്ത് സൂപ്പി : സർക്കാർ സർവ്വീസുകളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്നുവരെ ഉണ്ടായിരുന്ന നിയമനങ്ങളിൽ ഓരോ സമുദായത്തിനും കിട്ടിയ പ്രാതിധിധ്യത്തെ സംബന്ധിച്ചിടത്തോളം, ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കണമെന്ന ആവശ്യം വളരെക്കാലമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. അങ്ങനെ ജാതി തിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഇവിടെ തന്നെ പല ചർച്ചകളും നടന്നു. മുൻ ഗവൺമെന്റുകളാകട്ടെ, സുന്ദരേശൻകമ്മീഷൻ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ച് തീരുമാനിച്ചു. അതുപോലെ തന്നെ കഴിഞ്ഞകാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമസഭാ കമ്മിറ്റിയെ നിശ്ചയിച്ചു. ആ നിയമസഭാ കമ്മിറ്റി അവർക്ക് ലഭ്യമായ കണക്കുകൾ ഇവിടെ സമർപ്പിച്ചതാണ്. എന്നിട്ടും അത് പൂർണ്ണമല്ല. ഏറ്റവും പ്രസക്തമായ ഒരു കാര്യം ഈ സഭയിൽ വന്ന് ഞാൻ പറയാൻ കാരണം, സുപ്രീംകോടതി ക്രീമിലെയർ കേസ്സിൽ വിധി പ്രസ്താവിച്ചു. ക്രീമിലെയർ വാദികൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ഒരു വാദം, ഇവിടെ അനുവദിക്കപ്പെട്ട സംവരണം പിന്നോക്ക സമുദായങ്ങൾക്ക് ലഭിക്കുന്നില്ല എന്നതാണ്. അനുവദിക്കപ്പെട്ട 40 ശതമാനം സംവരണം ഇതേവരെ പിന്നോക്ക സമുദായങ്ങൾക്ക് ലഭ്യമായിട്ടില്ല. അതിന്റെ പകുതിപോലും ബന്ധപ്പെട്ട സമുദായങ്ങൾക്ക് ലഭ്യമായിട്ടില്ല എന്നാണ് കണക്കുകൾ തെളിയിക്കുന്നത്. അതിനെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരു പഠനം നടത്തി അതിനുവേണ്ടി കമ്മിഷൻ നിശ്ചയിച്ച് ആ കണക്കുകൾ പ്രസിദ്ധീകരിക്കണം. അത് ഈ കാലഘട്ടത്തിൽ ആവശ്യമാണ്. ക്രീമിലെയർ ഉന്നതവിഭാഗം തട്ടിക്കൊണ്ടുപോകും എന്നുള്ള വാദവും തെറ്റാണ്. അതുപോലെ തന്നെ സംവരണ കാര്യത്തിൽ നിശ്ചയിക്കുന്നതും മെരിറ്റ് കാര്യത്തിൽ നിശ്ചയിക്കുന്നതുമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സെപ്പറേറ്റായിട്ട് വയ്ക്കണം. നിയമസഭാ കമ്മിറ്റി ആവശ്യപ്പെട്ടതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനോ ഗവൺമെന്റോ അതിന് തയ്യാറായില്ല. ഈ കാര്യങ്ങളും കമ്മീഷന്റെ അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സംസ്ഥാന സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും യൂണിവേഴ്സിറ്റി അടക്കമുള്ള സ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ജാതിതിരിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിക്കണമെന്ന ആവശ്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

(6) അന്ധകാരനഴി സാൾട്ട് വാട്ടർ സ്കീം നടപ്പിലാക്കുന്നതിനുള്ള കാലതാമസം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : വടക്ക് കണ്ടക്കടവ് മുതൽ തെക്ക് തൈക്കന വരെയുള്ള കടലോര പ്രദേശത്ത് കടൽ കയറാതിരിക്കുന്നതിനു വേണ്ടി കല്ല് കെട്ടി വള്ളങ്ങൾ അടുക്കാൻ സാധിക്കാത്ത സ്ഥലമാക്കി മാറ്റിയിരിക്കുകയാണ്. ഈ സ്ഥലത്ത് അന്ധകാരനഴി സാൾട്ട് വാട്ടർ ബാരിയറാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് ആ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 1995-ൽ ഒരു റിപ്പോർട്ട് തയ്യാറാക്കി, ഏതാണ്ട് 138 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതാണ്. ആ പ്രദേശത്തുള്ള മൽസ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളം കയറ്റിക്കൊണ്ടുവന്ന് ഇടുന്നതിന് സ്ഥലമില്ല. കല്ലിന്റെ പുറത്തുകൂടി ചുമന്ന് ഇപ്പുറത്തിറക്കണം. അല്ലാതെ വള്ളം ഇറക്കാനുള്ള ഒരു സ്ഥലവുമില്ല. അന്ധകാരനഴി സാൾട്ട് വാട്ടർ ബാരിയർ ഉണ്ടാക്കുന്നതിന് അനുയോജ്യമാണെന്നു പറഞ്ഞ് ശ്രീമതി പത്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഒരു എസ്റ്റിമേറ്റും പ്രോജക്ടും ഒക്കെ ഉണ്ടാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചതാണ്. ഇതേവരെ അതിനെപ്പറ്റി പിന്നെ കേട്ടിട്ടില്ല. ഏതാണ്ട് 16 കിലോമീറ്റർ പ്രദേശത്താണ് മത്സ്യത്തൊഴിലാളികൾ ഉള്ളത്. അവരുടെ വള്ളങ്ങൾ ഇടാൻ ഒന്നുകിൽ കൊച്ചിയിൽ പോകണം; അല്ലെങ്കിൽ അമ്പലപ്പുഴ കൊണ്ടുപോകണം. വർഷകാലമായിക്കഴിഞ്ഞാൽ കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ വള്ളം ഇടാൻ ഇത്ര ദൂരം കൊണ്ടുപോകാൻ പ്രയാസമാണ്. പൊളിഞ്ഞുകിടക്കുന്ന അന്ധകാരനഴിയുടെ സ്ഥലത്ത് കൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ വിധത്തിൽ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly